# കേരള കാർഷിക സർവ്വകലാശാല

**കാർഷിക കോളേജ്, പടന്നക്കാട് പി.ഒ,**

**കാസറഗോഡ് ജില്ല, പിൻ : 671314, കേരളം**

**ഫോൺ : 467 2282699, 91 467 2280616, E-mail: coapad@kau.in**


**നം.ഇ2-5577/2019** **തിയ്യതി: 21.06.2024**

## ക്വട്ടേഷൻ നോട്ടീസ്

പടന്നക്കാട് കാർഷിക കോളേജിലേക്ക് നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കാൻ പോട്ടിംഗ് മിശ്രിതം തയ്യാറാക്കുന്നതിനാവശ്യമായ ഗുണമേന്മയുള്ള മേൽമണ്ണ് കരാർ പ്രകാരം എത്തിച്ചുതരാൻ താല്പര്യമുള്ളവരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | അളവ് |
|---|---|
| നല്ല ഗുണമേന്മയുള്ള മേൽമണ്ണ് (കല്ലില്ലാത്തത്) | 17 ലോഡ് (1ലോഡ്=150 ക്യൂ.ഫീ) |

താല്പര്യമുള്ള വ്യക്തികൾ അവരുടെ ക്വട്ടേഷനുകൾ ഡീൻ, കാർഷിക കോളേജ്, പടന്നക്കാട് പി.ഒ, കാസർഗോഡ്-671314 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്. ക്വട്ടേഷനിൽ ഒരു ലോഡ് മണ്ണ് വിതരണം ചെയ്യാൻ തയ്യാറുള്ള നിരക്ക് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. നികുതികളും മറ്റ് ചാർജുകളും ഉണ്ടെങ്കിൽ അവയും പ്രത്യേകം രേഖപ്പെടുത്തണം.

ക്വട്ടേഷനുകൾ അയക്കുന്ന കവറിന് പുറത്ത് **"പടന്നക്കാട് കാർഷിക കോളേജിലേക്ക് മേൽമണ്ണ് വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ"** എന്നെഴുതിയിരിക്കണം. കരാറിനൊപ്പം 1,500/- രൂപ നിരതദ്രവ്യമായി ( പണമായോ, ഡിമാന്റ് ഡ്രാഫ്റ്റായോ) കെട്ടിവെക്കേണ്ടതാണ്.

ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തീയതി **03.07.2024 ഉച്ചയ്ക്ക് ശേഷം 3 മണി** വരെയാണ്. അന്നുതന്നെ **3.30 മണിക്ക്** ഹാജരുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ അവ തുറക്കുന്നതായിരിക്കും. വൈകി കിട്ടുന്നതും പൂർണ്ണമല്ലാത്തതുമായ ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

ഏറ്റവും കുറഞ്ഞ നിരക്ക് എഴുതിയത് തൃപ്തികരമെന്ന് കണ്ടാൽ സ്വീകരിക്കുന്നതായിരിക്കും. വിജയിയായ കരാറുകാരൻ അറിയിപ്പ് കിട്ടി 7 ദിവസത്തിനകം മേൽമണ്ണ് പടന്നക്കാട് കാർഷിക കോളേജിലേക്ക് എത്തിക്കേണ്ടതാണ്. ക്വട്ടേഷൻ സ്വീകരിക്കുന്നതിനും, മാറ്റിവെക്കുന്നതിനും, കാരണം കാണിക്കാതെ നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ഡീനിനായിരിക്കും. മേൽമണ്ണ് തൃപ്തികരമായി സപ്ലൈ ചെയ്തതിനുശേഷം 'ഡീൻ കാർഷിക കോളേജ് , പടന്നക്കാട് '-ന്റെ പേരിൽ ഇൻവോയ്സ് നൽകുന്ന മുറയ്ക്ക് തുക ബാങ്ക് ട്രാൻസ്ഫർ വഴി കൈമാറുന്നതായിരിക്കും.

സർക്കാർ കരാറുകൾക്ക് ബാധകമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും ഈ കരാറിനും ബാധകമായിരിക്കും. വിശദവിവരങ്ങൾക്ക് ഓഫീസ് സമയത്ത് 0467 2280616 എന്ന നമ്പറിൽ അന്വേഷിക്കാവുന്നതാണ്.

ഒപ്പ്/-
ഡോ. ടി.സജിതാ റാണി
ഡീൻ

സ്വീകർത്താവ് :-

1. നോട്ടീസ് ബോർഡ് (കോളേജ്/ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-I & II)
2. കോളേജ് വെബ്സൈറ്റ്
3. വില്ലേജ് ഓഫീസ് (നീലേശ്വരം/കാഞ്ഞങ്ങാട് സൗത്ത്)
4. മുനിസിപ്പൽ ഓഫീസ് (നീലേശ്വരം/കാഞ്ഞങ്ങാട്)
5. പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്

പകർപ്പ് :- 1. ശ്രീമതി. മീര മോഹൻ.എൻ, അസിസ്റ്റന്റ് പ്രൊഫസർ (ഹോർട്ടിക്കൾച്ചർ)

2. ഫാം സൂപ്രണ്ട് (ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്- I & II)

3. ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്- I & II –ലെ ചുമതലയുള്ള ഉദ്യോഗസ്ഥർ

**// അംഗീകാരത്തോടുകൂടി അയക്കുന്നത്//**

Arathi

സെക്ഷൻ ഓഫീസർ